# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

ജനുവരി 31, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് ഇ–വേബിൽ ഇന്ന് മുതൽ.

തിരുവനന്തപുരം: അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് രാജ്യവ്യാപകമായി ഫെബ്രുവരി ഒന്ന് മുതൽ ഇ-വേബിൽ നിർബന്ധമാണ്.

ജി.എസ്.ടി. നിലവിൽ വന്നതിന് ശേഷം രാജ്യത്തെ ചരക്ക് ഗതാഗതത്തിൽ വരുന്ന ഏറ്റവും വലിയ മാറ്റമാണ് ഇ–വേബിൽ സംവിധാനം. വ്യാപാരികൾക്ക് പരിചയിക്കുന്നതിനായി കേരളത്തിൽ ജനുവരി 12 മുതൽ തന്നേ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽവന്ന സംവിധാനം ഇന്ന് മുതൽ നിർബന്ധമാകുകയാണ്, എന്നാൽ സംസ്ഥാനത്തിനകത്തെ ചരക്ക് നീക്കത്തിനുള്ള ഇ–വേബിൽ സംവിധാനം ഇത് സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങുന്നത് വരെ പരീക്ഷണടിസ്ഥാനത്തിൽ തന്നെ തുടരുമെന്ന് സസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ആറിയിച്ചു..

നിലവിൽ ഉണ്ടായിരുന്ന സംവിധാനങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഇ–വേബിൽ സംവിധാനത്തിൽ വ്യാപാരി വെളിപ്പെടുത്തുന്ന ചരക്കു നീക്ക വിവരങ്ങൾ വെരിഫിക്കേഷൻ കൂടാതെ തന്നെ മൂല്യമുള്ള രേഖയായി മാറുന്നു. ചരക്ക് വിൽക്കുന്ന ആളിനാണ് ഇ–വേബിൽ സംവിധാനത്തിൽ വിവരങ്ങൾ വെളിപ്പെടുത്താനുള്ള ഉത്തരവാദിത്വം. എന്നാൽ വിൽക്കുന്ന ആൾ ഇ–വേബിൽ എടുക്കുന്നില്ലെങ്കിൽ വാങ്ങുന്ന

ആളിനോ, ട്രാൻസ്പോർട്ടർക്കോ ഇ–വേബിൽ എടുക്കാവുന്നതാണ്. ഇ–വേബിൽ സംവിധാനത്തിൽ വിവരങ്ങൾ വെളിപ്പെടുത്തിയതിന് ശേഷം ഡിക്ലറേഷനിൽ തെറ്റുകൾ കണ്ടെത്തുകയോ, ചരക്ക് നീക്കം നടക്കാതെ വരുകയോ ചെയ്താൽ നിശ്ചിത സമയത്തിനുള്ളിൽ ഇ–വേബിൽ എടുത്ത ആളിന് തന്നെ ക്യാൻസൽ ചെയ്യാം. കൂടാതെ ചരക്ക് സ്വീകരിക്കുന്ന ആളുടെ പേരിൽ തെറ്റായ വിവരങ്ങൾ അടങ്ങിയ ഇ –വേബിൽ നൽകിയാൽ തിരസ്കരിക്കാനും സംവിധാനമുണ്ട്. www.keralataxes.gov.in ലെ ടാക്സ് പേയേഴ്സ് സർവ്വീസിൽ ലഭ്യമാകുന്ന ഇ–വേബിൽ ലിങ്ക് വഴി വ്യാപാരികൾക്ക് ഇ–വേബിൽ വെബ്സൈറ്റിൽ ലോഗിൻ ചെയ്യാം. കമ്പ്യൂട്ടറിന് പുറമെ മോബൈൽ അപ്പ് ഉപയോഗിച്ചും, എസ്.എം.എസ് വഴിയും ഇ–വേബിൽ ജനറേറ്റ് ചെയ്യാം.

- ***50000 രൂപയിൽ കൂടുതൽ മൂല്യമുള്ള എല്ലാ അന്തർ സംസ്ഥാന ചരക്ക് നീക്കത്തിനും ഇ–വേബിൽ നിർബന്ധം.***
- ***സംസ്ഥാനത്തിനകത്തെ ചരക്ക് നീക്കത്തിനുള്ള ഇ–വേബിൽ പരീക്ഷണടിസ്ഥാനത്തിൽ***
- ***കമ്പ്യൂട്ടർ, മോബൈൽ അപ്പ് , എസ്.എം.എസ് വഴി ഇ–വേബിൽ ജനറേറ്റ് ചെയ്യാം***
- ***നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പേട്ട സധനങ്ങൾക്ക് ഇ–വേബിൽ നിർബന്ധമല്ല.***